**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 343** | **28-10-2021 - ൽ മറുപടിയ്ക്ക്**

**മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വീട് വെയ്ക്കുന്നതിനും മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും വേണ്ടി നീക്കം ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി ജിയോളജി വകുപ്പിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ഉണ്ടാകുന്നതായി പറയപ്പെടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സാധാരണ മണ്ണ് (Ordinary Earth) നീക്കം ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം പഞ്ചായത്തിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് പ്ലാൻ, ഡെവലപ്മെന്റ് പെർമിറ്റ് എന്നിവ സമർപ്പിക്കുന്നതിന് 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ ചട്ടം 14(2) വ്യവസ്ഥ ചെയ്യുന്നു. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ 2019 ൽ വന്ന ഭേദഗതികളും തുടർന്ന് 18/9/2021 ലെ സ.ഉ.(സാധാ) നം. 1795/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരവും ഒരു കെട്ടിടം നിർമ്മിക്കുവാൻ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചാൽ ആ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ജോലികൾക്ക് ഭൂമി മണ്ണ് മാറ്റി അനുയോജ്യമാക്കേണ്ടതുണ്ടെങ്കിൽ ആയതിന് ബിൽഡിംഗ് പെർമിറ്റ് മതിയാകുന്നതാണെന്നും എടുക്കേണ്ട മണ്ണിന്റെ അളവ് കൂടി ഉൾപ്പെടുത്തി ബിൽഡിംഗ് പ്ലാൻ നൽകുന്നതാണെന്നും പ്ലോട്ട് സബ് ഡിവിഷൻ ഇല്ലാത്ത സംഗതികളിൽ ഡെവലപ്പ്മെന്റ് പെർമിറ്റ് നൽകില്ല എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കെട്ടിട നിർമ്മിതിക്ക് മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ ഡെവലപ്പ്മെന്റ് പെർമിറ്റ് അവശ്യം ഹാജരാക്കണമെന്ന് കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) ന്റെ 1-ാം ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഡെവലപ്പ്മെന്റ് പെർമിറ്റ് അനുവദിക്കുന്നില്ല എന്നതിനാൽ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിൽ നേരിടുന്ന സാങ്കേതിക തടസം മാറ്റുന്നതിന് നിലവിലുള്ള കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വകുപ്പിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളിലെ കാലതാമസം പരിഹരിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | സേവനാവകാശ നിയമപ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന 12 സേവനങ്ങൾ ഓൺലൈനാക്കി വരുന്നു. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി നീക്കം ചെയ്യുന്ന സാധാരണ മണ്ണ് ഗതാഗതം ചെയ്യുന്നതിനുള്ള പ്രത്യേകാനുമതിയും സാധാരണ മണ്ണിന് ക്വാറിയിങ് പെർമിറ്റ് നൽകുന്നതിനുള്ള സംവിധാനവും ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

150 YEARS OF CELEBRATING THE MAHATMA

## വിശദീകരണക്കുറിപ്പ്

മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ആഫീസുകളിലെ ജീവനക്കാരുടെ എണ്ണം അപര്യാപ്തമായതിനാൽ കെട്ടിടനിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് സാധ്യമാകുന്നില്ല എന്നൊരു പരിമിതിയുണ്ട്. മാത്രമല്ല കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ 2019 ൽ വന്ന ഭേദഗതികളും തുടർന്ന് 18/9/2021 ലെ സ.ഉ.(സാധാ) നം.1795/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഒരു കെട്ടിടം നിർമ്മിക്കുവാൻ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചാൽ ആ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ജോലികൾക്ക് ഭൂമി മണ്ണ് മാറ്റി അനുയോജ്യമാക്കേണ്ടതുണ്ടെങ്കിൽ ആയതിന് ബിൽഡിംഗ് പെർമിറ്റ് മതിയാകുന്നതാണെന്നും എടുക്കേണ്ട മണ്ണിന്റെ അളവ് കൂടി ഉൾപ്പെടുത്തി ബിൽഡിംഗ് പ്ലാൻ നൽകുന്നതാണെന്നും പ്ലോട്ട് സബ് ഡിവിഷൻ ഇല്ലാത്ത സംഗതികളിൽ ഡെവലപ്പ്മെന്റ് പെർമിറ്റ് നൽകില്ല എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ കെട്ടിട നിർമ്മിതിക്ക് മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ ഡെവലപ്പ്മെന്റ് പെർമിറ്റ് അവശ്യം ഹാജരാക്കണമെന്ന് കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) ന്റെ 1-ാം ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഡെവലപ്പ്മെന്റ് പെർമിറ്റ് അനുവദിക്കുന്നില്ല. എന്നതിനാൽ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിൽ മൈനിംഗ് & ജിയോളജി വകുപ്പ് ബുദ്ധിമുട്ട് നേരിടുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലുള്ള കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സേവനാവകാശ നിയമപ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ (12 സേവനങ്ങൾ) National Informatics Centre (NIC) മുഖേന ഓൺലൈനാക്കി വരുന്നു. ടി സേവനങ്ങൾ ഓൺലൈനാക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | മൈനിംഗ് ലീസ് | ഭാഗികമായി ഓൺലൈൻ സംവിധാനം ലഭ്യമാണ് |
| 2. | കോമ്പോസിറ്റ് ലൈസൻസ് | ഭാഗികമായി ഓൺലൈൻ സംവിധാനം ലഭ്യമാണ് |
| 3. | റെക്കണൈസെൻസ് പെർമിറ്റ് | ഭാഗികമായി ഓൺലൈൻ സംവിധാനം ലഭ്യമാണ് |
| 4. | ക്വാറിയിങ് ലീസ് (ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ) | ( i ) സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് / ടെസ്റ്റിംഗ് അന്തിമഘട്ടത്തിലാണ്. സെക്യൂരിറ്റി ആഡിറ്റിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. (ii) സെക്യൂരിറ്റി ആഡിറ്റിനു രണ്ട് മാസത്തെ സാവകാശം ആവശ്യമാണെന്ന് NIC അധികൃതർ അറിയിച്ചിട്ടുണ്ട് |
| 5 | പ്രോസ്പെക്ടിങ് ലൈസൻസ് (ഗ്രാനൈറ്റ് ഡയമൺഷൻ സ്റ്റോൺ) | സ്റ്റാൻഡേഡ് ഓപ്പറേറ്റിങ് പ്രോസിഡറും ചെക്ക് ലിസ്റ്റും NIC യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു |
| 6 | ക്വാറിയിങ് ലീസ് (ഗ്രാനൈറ്റ് ഡയമൺഷൻ സ്റ്റോൺ) | സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രോസിഡറും ചെക്ക് ലിസ്റ്റും NIC യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു |
| 7a | ക്വാറിയിങ് പെർമിറ്റ് - quantity based | ( i ) സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് / ടെസ്റ്റിംഗ് അന്തിമഘട്ടത്തിലാണ്. സെക്യൂരിറ്റി ആഡിറ്റിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. (ii) സെക്യൂരിറ്റി ആഡിറ്റിനു രണ്ട് മാസത്തെ സാവകാശം ആവശ്യമാണെന്ന് NIC അധികൃതർ അറിയിച്ചിട്ടുണ്ട് |

| | | |
|---|---|---|
| 7b | ക്വാറിയിങ് പെർമിറ്റ് - Consolidated Royalty Payment System (CRPS) | ( i ) സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് / ടെസ്റ്റിംഗ് അന്തിമഘട്ടത്തിലാണ്. സെക്യൂരിറ്റി ആഡിറ്റിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>(ii) സെക്യൂരിറ്റി ആഡിറ്റിനു രണ്ട് മാസത്തെ സാവകാശം ആവശ്യമാണെന്ന് NIC അധികൃതർ അറിയിച്ചിട്ടുണ്ട് |
| 7c | സാധാരണ മണ്ണിന് ക്വാറിയിങ് പെർമിറ്റിനായുള്ള KSWIFT-KOMPAS integration software | ( i ) സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് / ടെസ്റ്റിംഗ് അന്തിമഘട്ടത്തിലാണ്. സെക്യൂരിറ്റി ആഡിറ്റിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>(ii) സെക്യൂരിറ്റി ആഡിറ്റിനു രണ്ട് മാസത്തെ സാവകാശം ആവശ്യമാണെന്ന് NIC അധികൃതർ അറിയിച്ചിട്ടുണ്ട് |
| 8 | ഡീലേഴ്സ് ലൈസൻസിന് ഓൺലൈനായുള്ള അപേക്ഷ | സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രോസിഡ്യൂറും ചെക്ക് ലിസ്റ്റും NIC യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു |
| 9 | രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റിന് ഓൺലൈനായുള്ള അപേക്ഷ | സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രോസിഡ്യൂറും ചെക്ക് ലിസ്റ്റും NIC യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു |
| 10 | ഓൺലൈനായി ജെം ടെസ്റ്റിംഗ് സർട്ടിഫിക്കറ്റ്/ റിപ്പോർട്ട് | (i) സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് നടന്നു വരുന്നു<br>(ii) സെക്യൂരിറ്റി ആഡിറ്റിനു രണ്ട് മാസത്തെ സാവകാശം ആവശ്യമാണെന്ന് NIC അധികൃതർ അറിയിച്ചിട്ടുണ്ട് |
| 11 | ഓൺലൈനായി കെമിക്കൽ ലാബിൽ നിന്നുള്ള റിപ്പോർട്ട് അനുവദിക്കുന്നതിനുള്ള മൊഡ്യൂൾ | i) സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് നടന്നു വരുന്നു<br>(ii) സെക്യൂരിറ്റി ആഡിറ്റിനു രണ്ട് മാസത്തെ സാവകാശം ആവശ്യമാണെന്ന് NIC അധികൃതർ അറിയിച്ചിട്ടുണ്ട് |
| 12 | പബ്ലിക് ഗ്രീവെൻസസ് റിഡ്രസ്സൽ സിസ്റ്റം | ഇ-ഡിസ്ട്രിക് ഡെമോ പോർട്ടലിന്റെ ലോഗിൻ ക്രെഡെൻഷ്യൽ സ് N I C ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടെസ്റ്റിംഗ് പുരോഗമിക്കുന്നു. |
| 13 | കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി നീക്കം ചെയ്യുന്ന സാധാരണ മണ്ണ് ഗതാഗതം ചെയ്യുന്നതിനുള്ള പ്രത്യേകാനുമതി | സ്റ്റാൻഡേഡ് ഓപ്പറേറ്റിങ് പ്രോസിഡ്യൂറും ചെക്ക് ലിസ്റ്റും NIC യ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു |

സെക്യൂരിറ്റി ആഡിറ്റിനു ശേഷമേ ഈ മോഡ്യൂളുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൻെറ സെർവറിൽ ഹോസ്റ്റ് ചെയ്യുന്ന പ്രവർത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളുയെന്നതിനാൽ ഡിസംബറോടു കൂടി മാത്രമേ മേൽ സൂചിപ്പിച്ച (4, 7a, 7b, 7c, 10, 11) പ്രവർത്തികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളു.